# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 151 | 03.02.2020-ൽ മറുപടിക്ക് |
|---|---|

**പോക്സോ കേസുകളുടെ പരിശോധനാ ഫലം**

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | പോക്സോ കേസുകൾ രജിസ്റ്റർ ചെയ്താൽ ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രസ്താവിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ; | (എ) | പോക്സോ കേസുകൾ രജിസ്റ്റർ ചെയ്താൽ കഴിയുന്നിടത്തോളം ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രസ്താവിക്കണമെന്ന് Sec.35 Pocso Act പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഫോറൻസിക് ലാബിൽ നിന്നും കെമിക്കൽ ലാബിൽ നിന്നും പരിശോധനാ ഫലം കൃത്യസമയത്ത് ലഭിക്കാത്തത് കേസന്വേഷണം നീണ്ടുപോകുന്നതിനും കുറ്റപത്രം സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നതിനും കാരണമാകുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പരിശോധനാഫലം ബന്ധപ്പെട്ട കോടതികളിലേക്ക് അയയ്ക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ പോക്സോ കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകളുടെ രാസപരിശോധന വകുപ്പിനു കീഴിലുള്ള ലബോറട്ടറികളിലെ നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി, കാലതാമസം കൂടാതെ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമെങ്കിൽ പോക്സോ കേസുകൾ പരിശോധിക്കുന്ന ഡിവിഷനിലെ പരിശോധകരുടെ കുറവ് പരിഹരിക്കുന്നതിന് മറ്റ് ഡിവിഷനുകളിൽ നിന്നും പരിശോധകരെ നിയമിച്ച് പരമാവധി വേഗത്തിൽ പരിശോധന ഫലം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | നിലവിൽ സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിലും കെമിക്കൽ ലാബുകളിലുമായി എത്ര പോക്സോ കേസുകളുടെ പരിശോധനാ ഫലം കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലോബറട്ടറികളിൽ നിലവിൽ 2423 പോക്സോ കേസുകളും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ 35 കേസുകളുമാണ് പരിശോധന പൂർത്തീകരിക്കാനായി അവശേഷിക്കുന്നത്. |
| (ഡി) | പ്രസ്തുത ലാബുകളിലെ വിദഗ്ദ്ധരുടെ കുറവ് പരിശോധനാ ഫലം വൈകുന്നതിനുള്ള പ്രധാന കാരണമാണെന്നിരിക്കെ, ഇവരുടെ അധിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ